(ബി) ഇപ്രകാരം ഉള്ള ക്ലാസ്സുകൾ എല്ലാം ഗവൺമെന്റ് വിദ്യാലയങ്ങളിലും, എയിഡഡ് വിദ്യാലയങ്ങളിലും തുറന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എയിഡഡ് വിദ്യാലയങ്ങളിൽ തുറന്ന ക്ലാസുകളിലേക്ക് എയിഡ് കൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഐക്യസംസ്ഥാനത്തിലെ തിരുവിതാംകൂർ വിഭാഗത്തിൽ അഞ്ചാംക്ലാസു വളരെ മുൻപുതൊട്ടേയുണ്ട്. കൊച്ചിവിഭാഗത്തിൽ ഈ വിദ്യാഭ്യാസവർഷത്തിന്റെ ആരംഭംമുതലും ഈ ക്ലാസ് പ്രാഥമിക വിദ്യാലയങ്ങളിൽ പുതുതായി തുടങ്ങിയിട്ടുണ്ട്.

(ബി) ഇല്ല. ആവശ്യവും സാമ്പത്തികസ്ഥിതിയും ഉള്ള സ്കൂളുകളിലേ തുടങ്ങിയിട്ടുള്ളൂ.

(സി) കഴിഞ്ഞ വർഷത്തിൽ പ്രിപ്പാറേറ്ററി ക്ലാസിനു് ഗ്രാൻറ് ലഭിച്ച പള്ളിക്കൂടങ്ങളിൽ തുടങ്ങിയിട്ടുള്ള അഞ്ചാം ക്ലാസിനു എയിഡ് അനുവദിച്ചിട്ടുണ്ട്. മറ്റു സ്കൂളുകളിൽ തുറന്ന അഞ്ചാം ക്ലാസിനു് ഗ്രാൻറ് കൊടുക്കുന്ന കാര്യം ആലോചിച്ചുവരികയാണു്.

പ്രോവിഡൻറ ഫണ്ടു്

*൯൨൯ (൫൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തിരു–കൊച്ചി സംസ്ഥാനത്തുള്ള തൊഴിൽ ശാലകളിലെല്ലാം പ്രോവിഡൻറ് ഫണ്ടു് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതു നിർബന്ധമാക്കാൻ ആലോചനയുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള): (എ) എല്ലാ തൊഴിൽശാലകളിലും പ്രോവിഡൻറ് ഫണ്ടു് ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ ഫാക്ടറി സായശാലകളിൽ പ്രോവിഡൻറ് ഫണ്ടു് ഏർപ്പെടുത്തിയിട്ടുണ്ടു്.

(ബി) തൊഴിലാളികൾക്കു് നിർബന്ധിതമായി പ്രോവിഡൻറ് ഫണ്ടു് ഏർപ്പെടുത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റ് അടുത്തുതന്നെ പാർലിമെണ്ടിൽ നിയമനിർമ്മാണം ആരംഭിക്കുമെന്നു പ്രസ്താവിച്ചിട്ടുണ്ടു്. അതിന്റെ പരിധിയിൽ ഈ സംസ്ഥാനവും വരുന്നതാണു്

അഡ്ജൂഡിക്കേഷൻ

*൯൩൦ (൫൮) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലുവായ്ക്കടുത്തുള്ള ഇൻഡ്യൻ അലൂമിനിയം കമ്പനിയിലെ അഡ്ജൂഡിക്കേഷൻ ആരംഭിച്ചിട്ടു് എത്ര കാലമായി;

(ബി) ആരംഭിച്ചാൽ എത്ര കാലത്തിനുള്ളിൽ അഡ്ജൂഡിക്കേഷൻ തീർന്നിരിക്കണമെന്നാണു് നിബന്ധന.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഈ അഡ്ജൂഡിക്കേഷൻ ഇപ്പോൾ നിലവിലില്ല.

(ബി) അങ്ങനെ കാലാവധി നിയമത്തിൽ നിഷ്കർഷിച്ചിട്ടില്ല. കഴിയുന്നത്ര വേഗത്തിൽ അവസാനിപ്പിക്കണമെന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly